# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 519 — 11.06.2013-ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

ശ്രീ. എസ്. ശർമ്മ

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

## അധിക വിഭവ സമാഹരണം

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അധിക വിഭവ സമാഹരണ മാർഗ്ഗങ്ങളിൽ നിന്നും എത്ര വരുമാനമുണ്ടായി എന്ന് ഇനവും വർഷവും തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ അധിക വിഭവ സമാഹരണത്തിലൂടെ ലക്ഷ്യമിട്ടിരുന്ന വരുമാനം, ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ലഭിച്ച യഥാർത്ഥ വരുമാനം എന്നിവയുടെ വിശദാംശങ്ങൾ അടങ്ങുന്ന സ്റ്റേറ്റ്മെൻറുകൾ അനുബന്ധമായി നൽകുന്നു. |

സെക്ഷൻ ഓഫീസർ

| അധിക വിഭവ സമാഹരണം 2011–12 | | |
|---|---|---|
| | (തുക കോടിയിൽ) | |
| | ബഡ്ജറ്റ് പ്രകാരം പ്രതീക്ഷിച്ച വരുമാനം | ലഭിച്ച യഥാർത്ഥ വരുമാനം |
| 4000 ചതുരശ്ര അടിയോ അതിൽക്കൂടുതലോ തറ വിസ്തീർണ്ണമുള്ള വീടുകൾക്കും ബിൽഡിങ്ങ് ടാക്സിനു പുറമേ 2% സെസ്സ് (Para No.356) | 5 | 0 |
| പൻപരാഗ് പോലുള്ള ചവയ്ക്കുന്ന പുകയില ഉൽപ്പന്നങ്ങളുടെ ഉപഭോഗം നിരുത്സാഹപ്പെടുത്തുന്നതിനായി നികുതിനിരക്ക് 20% വർദ്ധിപ്പിക്കുന്നതിലൂടെ ലഭിക്കുന്ന വരുമാനം (Para No.357) | 5 | 3.14 |
| മദ്യത്തിൻെറ ഉപഭോഗം നിരുത്സാഹപ്പെടുത്തുന്നതിനായി ഏർപ്പെടുത്തിയ സാമൂഹ്യ സുരക്ഷാ സെസ്സ് 6 % ആയി വർദ്ധിപ്പിക്കുന്നതിലൂടെ ലഭിക്കുന്ന വരുമാനം (Para No.358) | 135 | 136.78 |
| ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന് അനുവദിച്ച 5% സർച്ചാർജ്ജ് ഇളവ് പിൻവലിക്കുന്നതിലൂടെ ലഭിക്കുന്ന അധിക വരുമാനം (Para No.359) | 192 | 162.30 |
| നിയമലംഘനത്തിന് വസൂലാക്കുന്ന പരമാവധി കോമ്പൗണ്ടിംഗ് തുക 4 ലക്ഷം രൂപയിൽ നിന്നും 8 ലക്ഷം രൂപയായി ഉയർത്തുമ്പോൾ ലഭിക്കുന്ന അധിക വരുമാനം (Para No.371) | 1 | 1.61 |
| കോമ്പൗണ്ടിംങ്ങ് സമ്പ്രദായത്തിൽ നികുതി അടയ്ക്കാൻ സ്വർണ്ണവ്യാപാരികൾക്ക് നിലവിലുണ്ടായിരുന്ന പദ്ധതി പിൻവലിക്കുന്നതിലൂടെ ലഭിക്കുന്ന അധിക വരുമാനം (Para No.373) | 15 | 23.60 |
| ആഴ്ചയിൽ എല്ലാ ദിവസവും ഭാഗ്യക്കുറി ആരംഭിക്കുന്നതിലൂടെ ലഭിക്കുന്ന അധിക വരുമാനം (Para No.375) | 263 | 675.92* |
| ആകെ അധികവിഭവ സമാഹരണം | 616 | 1003.35 |

* മൊത്ത വരവ് (Gross)

D.K. Sundaram

| അധിക വിഭവ സമാഹരണം 2012-13 | | |
|---|---|---|
| | (തുക കോടിയിൽ) | |
| | ബഡ്ജറ്റ് പ്രകാരം പ്രതീക്ഷിച്ച വരുമാനം | ലഭിച്ച യഥാർത്ഥ വരുമാനം |
| സ്വകാര്യാവശ്യത്തിനുപയോഗിക്കുന്ന മോട്ടോർ കാറുകളുടെയും പ്രൈവറ്റ് സർവ്വീസ് വാഹനങ്ങളുടെയും നികുതി നിരക്കുകൾ പരിഷ്കരിച്ചതിലൂടെ ലഭിക്കുന്ന അധിക വരുമാനം | 115 | 251.77 |
| വാറ്റിലെ പൊതു നിരക്കുകളായ 4, 12.5 എന്നീ നിരക്കുകൾ യഥാക്രമം 5ഉം 13.5 ഉം ആയി വർദ്ധിപ്പിക്കുമ്പോൾ പ്രതീക്ഷിക്കുന്ന അധിക വരുമാനം (Para No.371 , 372) | 1000 | 1058.18 |
| ബീഡി ഒഴികെ സിഗററ്റിൻെറയും സമാന ഉത്പന്നങ്ങളുടെയും നികുതി നിരക്ക് 12.5 % ൽ നിന്ന് 15 % മായും പാൻമസാല മുതലായ പുകയില ഉത്പന്നങ്ങളുടെ നികുതി നിരക്ക് 20 ൽ നിന്ന് 22.5 ശതമാനമായും ഉയർത്തുന്നതിലൂടെ ലഭിക്കുന്ന അധിക വരുമാനം (Para No.373) | 76 | 67.22 |
| വിദേശമദ്യത്തിൻെറ നികുതിയിന്മേൽ നിലവിലുള്ള 6% സാമൂഹ്യസുരക്ഷാ സെസ്സ് 10 ശതമാനമായി ഉയർത്തുന്നതിലൂടെ ലഭിക്കുന്ന അധിക വരുമാനം Para No.375) | 90 | 160.06 |
| ഭൂനികുതി നിരക്കുകൾ ഇരട്ടിയാക്കൽ, കുടുംബാംഗങ്ങളുടെ പേരിലല്ലാതെ സ്ഥാവര വസ്തുക്കളുടെ വില്പനയ്ക്കായി ചമയ്ക്കുന്ന മുക്ത്യാറുകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയുടെ 2% രജിസ്ട്രേഷൻ ഫീസ് ഈടാക്കൽ, ക്രഷറുകളുടെ വായ വിസ്താരത്തിൻെറ അടിസ്ഥാനത്തിൽ നികുതി നിരക്കുകൾ പരിഷ്കരിക്കൽ മുതലായവ (Para No.377) | 231.05 | 43.46 |
| ആകെ അധികവിഭവ സമാഹരണം | 1512.05 | 1580.69 |